# വെച്ചൂർ ഗ്രാമപഞ്ചായത്ത്

കുടവെച്ചൂർ പി.ഒ.

## പൗരാവകാശ രേഖ 2024

(12-08-2021 മുതൽ പ്രാബല്യത്തിലുള്ളത്)

(പരിഷ്കരിച്ചത് : 25/02/2024)

**ഫോൺ: 04822 251037**

പ്രസിഡന്റ് : 9496044610

സെക്രട്ടറി : 9496044611

Website : www.lsgkerala.in/vechoorpanchayat

Email : vechoorgpktm@gmail.com



ഒരു ഉപഭോക്താവാണ് നമ്മുടെ സ്ഥാപനത്തിലെത്തുന്ന ഏറ്റവും പ്രധാന സന്ദർശകൻ. അദ്ദേഹം നമ്മുടെ ആശ്രിതനും, നമ്മൾ അദ്ദേഹത്തെയാണ് ആശ്രയിക്കുന്നത്. അദ്ദേഹം നമ്മുടെ ജോലിക്ക് തടസ്സമല്ല. അദ്ദേഹമാണ് നമ്മുടെ ജോലിക്കാധാരം. അദ്ദേഹം നമ്മുടെ ജോലിക്ക് പുറത്ത് നിൽക്കുന്ന വ്യക്തിയല്ല, ജോലിയുടെ ഭാഗമാണ്. അദ്ദേഹത്തെ സേവിക്കുന്നതിലൂടെ നമ്മൾ അദ്ദേഹത്തിന് ഒരു ഉപകാരം ചെയ്യുകയല്ല. അങ്ങനെ ചെയ്യുന്നതിന് ഒരു അവസരം തന്ന് അദ്ദേഹം നമുക്ക് ഉപകാരം ചെയ്യുകയാണ്.

*മഹാത്മാഗാന്ധി*

**വെച്ചൂർ ഗ്രാമപഞ്ചായത്താഫീസ്**
കുടവെച്ചൂർ പി.ഒ., കോട്ടയം
ഫോൺ : 04829 275124

## ആമുഖം

മാന്യരേ,

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേ സേവനങ്ങൾക്ക് സമയബന്ധിതമായും, ഗുണമേന്മയോടെയും ലഭ്യമാക്കുന്നതിന് പ്രസ്തുത സേവനങ്ങളും അവ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും പഞ്ചായത്ത് അംഗീകരിച്ചത് പൗരാവകാശ രേഖ 2024 എന്ന പേരിൽപ്രസിദ്ധീകരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 272എ, 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചാണ് പൗരാവകാശ രേഖ തയ്യാറാക്കിയിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിന് സർക്കാർ നിർക്കർഷിച്ചിട്ടുള്ള സേവനങ്ങളെല്ലാം ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടു്.

ഈ രേഖയിൽ പ്രസ്ഥാവിച്ചിട്ടുള്ള വിധം സേവനം ലഭ്യമാക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുള്ള പക്ഷം രേഖാമൂലം പരാതി പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതും പഞ്ചായത്ത് മനപ്പൂർവ്വമായി വീഴ്ച്ചയോ കാലതാമസമോ വരുത്തുന്നതായി ബോദ്ധ്യപ്പെടന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകി പരിഹരിക്കാവുന്നതുമാണ്.

സേവന രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തി ജനസൗഹൃദ പഞ്ചായത്തായി മാറുന്നതിന് ഈ പഞ്ചായത്തിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുടർന്നും നൽകി സഹകരിക്കണമെന്ന അഭ്യർത്ഥനയോടെ പൗരാവകാശ രേഖ 2024 പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്നു.

| | | |
|---|---|---|
| വെച്ചൂർ | (ഒപ്പ്) | (ഒപ്പ്) |
| 02/06/2024. | **വി.എൻ. റജിമോൻ** | **കെ. ആർ. ഷൈലകുമാർ** |
| | സെക്രട്ടറി | പ്രസിഡന്റ് |

# വെച്ചൂർ ഗ്രാമപഞ്ചായത്ത്

## പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വെച്ചൂർ |
| പഞ്ചായത്തിന്റെ വിസിതീർണ്ണം | : | 29.13 ച.കി.മി. |
| ഉൾപ്പെടുന്ന വില്ലേജ് | : | വെച്ചൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വൈക്കം |
| താലൂക്ക് | : | വൈക്കം |
| ജില്ല | : | കോട്ടയം |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | തലയാഴം |
| കിഴക്ക് | : | കല്ലറ, അയ്മനം പഞ്ചായത്ത് |
| തെക്ക് | : | ആർപ്പൂക്കര, അയ്മനം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വേമ്പനാട്ടുകായൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | തലയാഴം, വെച്ചൂർ |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | തലയാഴം |
| അസംബ്ളി നിയോജക മണ്ഡലം | : | വൈക്കം |
| എം. എൽ. എ. | : | ശ്രീമതി. സി. കെ. ആശ |
| പാർലമെന്റ് മണ്ഡലം | : | കോട്ടയം |
| പാർലമെന്റ് അംഗം | : | അഡ്വ. ഫ്രാൻസിസ് ജോർജ്ജ് |

| | | |
|---|---|---|
| ജനസംഖ്യ - 17482 | പുരുഷൻ - 8850 | സ്ത്രീ - 8632 |
| പട്ടികജാതി - 2154 | പുരുഷൻ - 1062 | സ്ത്രീ - 1092 |
| പട്ടികവർഗ്ഗം - 09 | പുരുഷൻ - 4 | സ്ത്രീ - 5 |

(2011ലെ സെൻസസ് പ്രകാരം)

# ഭരണസമിതി അംഗങ്ങൾ

| പേര് | വഹിക്കുന്നസ്ഥാനം |
|---|---|
| ശ്രീ. കെ.ആർ. ഷൈലകുമാർ | പ്രസിഡന്റ് |
| ശ്രീമതി. ബിൻസി ജോസഫ് | വൈസ്. പ്രസിഡന്റ് |
| ശ്രീ. ജോർജ്ജ് വർഗീസ് (സോജി ജോർജ്ജ്) | വികസനകാര്യ സ്ഥിരം സമിതി ചെയർമാൻ |
| ശ്രീമതി. ബീന എസ്. | ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ |
| ശ്രീ. പി. കെ. മണിലാൽ | ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ |
| ശ്രീ. എൻ. സുരേഷ്കുമാർ | മെമ്പർ |
| ശ്രീമതി. ഗീത സോമൻ | മെമ്പർ |
| ശ്രീ. സഞ്ജയൻ എൻ. | മെമ്പർ |
| ശ്രീമതി. സ്വപ്ന രാജൻ | മെമ്പർ |
| ശ്രീമതി. ബിന്ദുമോൾ | മെമ്പർ |
| ശ്രീമതി. മിനിമോൾ കോട്ടയ്ക്കൽ | മെമ്പർ |
| ശ്രീമതി. മറിയക്കുട്ടി (ആൻസി തങ്കച്ചൻ) | മെമ്പർ |
| ശ്രീമതി. ശാന്തിനി | മെമ്പർ |

## ഔദ്യോഗിക വിഭാഗം

സെക്രട്ടറി ശ്രീ. റജിമോൻ വി. എൻ.

അസിസ്റ്റന്റ് സെക്രട്ടറി : ശ്രീ. സുധീന്ദ്രബാബു പി.എസ്.

ഹെഡ്ക്ലാർക്ക് : ശ്രീ. കിരൺ പി.

അ ക്കൗ ന്റ് : ശ്രീമതി. സ്മിത മോഹനൻ

സീനിയർ ക്ലാർക്ക് : ശ്രീമതി. ബിന്ദുമോൾ എ.

: ശ്രീമതി. ബിന്ദു കെ.എൻ.

: ശ്രീമതി. ബിന്ദു പി. പി.

ക്ലാർക്ക് : ശ്രീമതി. ജൂബിമോൾ ആർ.

ശ്രീമതി. മേരി ഡയാന റ്റി.റ്റി.

ശ്രീ. എസ്. സിജു

ശ്രീ. ബിനു പി. ബി.

ശ്രീ. ഇ.സി. സനൽ ജോസ്

ഓഫീസ് അറ്റന്റഡന്റ് : ശ്രീമതി. സജിത എൻ.

പി. ടി. എസ്. : ശ്രീമതി. എ. വത്സല

ടെക്നിക്കൽ അസിസ്റ്റന്റ്: ശ്രീമതി. കെ. എൻ. നയന

### എൽ. എസ്. ജി. ഡി. സെക്ഷൻ

അസി. എൻജിനീയർ : ശ്രീമതി. സാന്ദ്ര ബൈജു

ഓവർസിയർ : ശ്രീമതി. ലിഞ്ചു മോഹനൻ

### എം. ജി. എൻ. ആർ. ഇ. ജി. എ. വിഭാഗം

: കുമാരി അനഘ എസ്.(അക്രഡറ്റീവ് എഞ്ചിനീയർ)

ശ്രീമതി. അമല ഉത്തമൻ (ഓവർസിയർ)

ശ്രീമതി. നീതു പി. തമ്പി (ഡി. ഇ. ഒ.)

ശ്രീമതി. കവിതാ ബോസ് (ഡി. ഇ. ഒ.)

**കുടുംബശ്രീ.**

ശ്രീമതി. മിനി സരസൻ (CDS ചെയർപേഴ്സൺ)

കുമാരി. ഹരിത (അക്കൗണ്ട്)

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സാക്ഷ്യപത്രങ്ങൾ

| ക്രമ നം | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം (അപേക്ഷിച്ച ദിവസം മുതൽ ചുവടെ പറയുന്ന ദിവസത്തിനകം |
|---|---|---|---|---|---|
| 1. | കേരളത്തിലെവിടെയും റേഷൻകാർഡിൽ പേരില്ലെന്നുള്ള സർട്ടിഫിക്കറ്റ് | അപേക്ഷ വാർഡ് മെമ്പറുടെ കത്ത് സഹിതം നേരിട്ട് ഹാജരാക്കണം | ഇല്ല | ഇല്ല | അതേ ദിവസം |
| 2. | തൊഴിൽ രഹിതനാണെന്നുള്ള സർട്ടിഫിക്കറ്റ് | ,, | ,, | ,, | ,, |
| 3. | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | ,, | ,, | ,, | ,, |

## ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം (അപേക്ഷിച്ച ദിവസം മുതൽ ചുവടെ പറയുന്ന ദിവസത്തിനകം |
|---|---|---|---|---|---|
| 4. | ജനന രജിസ്ട്രേഷൻ (1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | വീട്ടിൽ വച്ച് നടന്ന ജനനമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം | ജനനം നടന്നത് വെച്ചൂർ ഗ്രാമപഞ്ചായത്തിലായിരിക്കണം | ജനന തീയതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനു ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ. | 7 പ്രവൃത്തി ദിവസം ആശുപത്രിയിൽ നടന്ന ജനനമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം) |

| | | | | | |
|---|---|---|---|---|---|
| 5 | ജനന രജിസ്റ്ററിൽ പേരുചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്)<br>(1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കണം. | മാതാവ്, പിതാവ് എന്നിവരുടെ തിരിച്ചറിയൽ കാർഡിന്റെ കോപ്പി ആറുവയസ്സു കഴിഞ്ഞാൽ കുട്ടികളുടെ ജനന ക്രമം തെളിയിക്കുന്ന മാതാപിതാക്കളുടെ സത്യപ്രസ്ഥാവന, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. | ഒരു വർഷം വരെ സൗജന്യം. തുടർന്ന് 5 രൂപ ലേറ്റ് ഫീ. | 1) 7 പ്രവൃത്തി ദിവസം<br>2) ജില്ലാ രജിസ്ട്രാറുടെ അനുമതി വേ കേസുകളിൽ അനുമതി കിട്ടിയതിനു ശേഷം 7 ദിവസം |
| 6 | മരണ രജിസ്ട്രേഷൻ (1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്)<br>(1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | വീട്ടിൽ വച്ച് നടന്ന ജനനമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും പൊതുസ്ഥലത്ത് നടന്ന അസ്വാഭാവിക മരണമാണെങ്കിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം | മരണം നടന്നത് വെച്ചൂർ പഞ്ചായത്തിലായിരിക്കണം | മരണ തീയതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനു ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ. | 1) 7 പ്രവൃത്തി ദിവസം<br>2) ജില്ലാ രജിസ്ട്രാറുടെ അനുമതി വേ കേസുകളിൽ അനുമതി കിട്ടിയതിനു ശേഷം 7 ദിവസം |
| 7 | ജനനം/ മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്) | അഞ്ചുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ/ വെള്ളക്കടലാസിൽ ജനനം/ മരണം നടന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. ജനന/ മരണ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ നൽകണം. | ജനന/ മരണ തീയതി മുതൽ 30 ദിവസം കഴിഞ്ഞ് 1 വർഷം വരെ ജില്ലാ രജിസ്ട്രാർക്കും ഒരു വർഷം കഴിഞ്ഞ് ആർ.ഡി.ഒയ്ക്കും സംഭവം വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, ഗസറ്റഡ് ഓഫീസർ/ നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, ജനനം/ മരണം നടന്ന സ്ഥലം സംബന്ധിച്ച രേഖകൾ എന്നിവയും ഹാജരാക്കണം | 30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ ഒരു വർഷത്തിനു മുകളിൽ 10 രൂപ ലേറ്റ് ഫീ. | ബന്ധപ്പെട്ട അധികാരികളിൽനിന്നും അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം. |

| | | | | | |
|---|---|---|---|---|---|
| 8 | ജനന/ മരണ സർട്ടിഫിക്കറ്റ് | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം | അപേക്ഷകന്റെ പേരിൽ വാങ്ങിയ 50 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള ഒറ്റ മുദ്രപത്രം ഹാജരാക്കണം | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ പകർപ്പ് ഫീസ് 5 രൂപ | 3 പ്രവർത്തി ദിവസം 12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം |
| 9 | നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് (ജനനം / മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ജനനം/ മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം | ജനനം/ മരണം നടന്ന സമയത്തെ താമസസ്ഥലം, ജനനം/ മരണം നടന്ന സ്ഥലം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. അല്ലത്തപക്ഷം പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളു. | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് 2 രൂപ | 5 പ്രവർത്തി ദിവസം |
| 10 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | ജനന രജിസ്ട്രാർക്ക് അപേക്ഷ നൽകണം | കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ പകർപ്പ് സഹിതം അംഗീകൃത അഡോപ്ഷൻ ഏജൻസി സ്ഥിതി ചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം. | അപേക്ഷിച്ച് പരമാവധി 10 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകുന്നതാണ്. | രജിസ്ട്രേഷന് അനുമതി ലഭിച്ച് 5 പ്രവർത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 11 | വിദേശത്തു നടന്ന ജനനങ്ങളുടെ രജി സ്ട്രേഷൻ (ബന്ധപ്പെട്ട നിയമം/ ചട്ടങ്ങൾക്ക് വിധേ യമായി) | 1956 ലെ സിറ്റിസൺ (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേ ഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരന്മാരുടെ ഇൻഡ്യയ്ക്ക് വെളി യിലുള്ള എല്ലാ ജനനവും മര ണവും ഇൻഡ്യൻ കോൺസുലേറ്റു കളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. | കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യ യിൽ സ്ഥിരതാമസമാക്കണമെന്ന ഉദ്ദേ ശ്യത്തോടുകൂടി ഇൻഡ്യയിൽ തിരിച്ചെ ത്തിയ തീയതി മുതൽ 60 ദിവസത്തി നകം അവരുടെ ഇൻഡ്യയിലെ താമ സസ്ഥലത്തെ യൂണിറ്റിൽ അപേക്ഷി ക്കണം. കുട്ടിയുടെ ജനനം സംബ ന്ധിച്ച രേഖയോടൊപ്പം ഇൻഡ്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 200 രൂപയിൽ കുറയാത്ത വിലയുള്ള മുദ്രപത്രത്തിൽ ഒപ്പിട്ട് ഹാജരാക്കണം. | 60 ദിവസങ്ങൾക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത കേസുക ളിൽ ജനന മരണ രജിസ്ട്രേ ഷൻ ആക്ട് വകുപ്പ് 13(2) 13(3) അനുസരിച്ച് രജിസ്ട്രേ ഷൻ നടപടി സ്വീകരിക്കേ താണ്. | 30 പ്രവർത്തി ദിവസം. |
| 11(മ) | ജനന രജിസ്ട്രേഷൻ സമയത്ത് കുട്ടി യുടെ പേര് തെറ്റായി ചേർത്ത് തിരു ത്തൽ/ കുട്ടിയുടെ പേരിലെ ഇൻഷ്യൽ വികസിപ്പിച്ച് തിരുത്തി നൽകൽ(1.2.2012 ലെ 35845/ആർ.ഡി.3/ 2011/ തസ്വഭവ 7.5.2012 ലെ 9748/ ആർ.ഡി.3/2012/ തസ്വഭവനം. സർക്കാർ സർക്കുലർ) | മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (പ്രായപൂർത്തിയായ കുട്ടിയാണെങ്കിൽ കുട്ടിയുടെ അപേക്ഷ) | തെറ്റായ പേര് ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാ ക്കളുടെ 200/- രൂപ മുദ്ര പത്രത്തിൽ സത്യവാങ്മൂലം (പേര് ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബ ന്ധമായും ഹാജരാക്കണം). ജനന സർട്ടിഫിക്കറ്റുകളിൽ ചേർത്തിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇൻഷ്യൽ വികസിപ്പിക്കാൻ വിവാഹശേഷം ഭാര്യ യുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവി ലാസത്തിൽ ഉാകുന്ന അക്ഷരത്തെറ്റ് എന്നിവ ) തിരുത്തുന്നതിന് നോട്ടറി, ര് ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവർ നൽകുന്ന സർട്ടി ഫിക്കറ്റുകൾ ഹാജരാക്കണം | തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗിംഗ് ഫീസ് | 5 പ്രവർത്തി ദിവസം. |
| 12 | വിവാഹ രജിസ്ട്രേഷൻ (1955 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) (1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ്, (വിവാഹം നടന്ന സ്ഥാപ നത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ), പ്രായം തെളിയിക്കുന് നരേഖ | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപ ഞ്ചായത്തിൽ വിവാഹം നടന്ന് 15 ദിവസ ത്തിനകം റിപ്പോർട്ട് ചെയ്യണം. മതിയായ കാരണങ്ങളുങ്കെിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. ര് സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യവി വാഹമല്ലെങ്കിൽ മുൻവിവാഹം ഒഴിവായ തിന്റെ വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം, | ഇല്ല | 10 പ്രവർത്തി ദിവസം. |

| | | | | | |
|---|---|---|---|---|---|
| 13 | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ. 30 ദിവസത്തിനുശേഷമുള്ളവ (1955 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) (1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വൈകി രെജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ, വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ്, (വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ) പ്രായം തെളിയിക്കുന്ന രേഖ | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം. ര് സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ മുൻവിവാഹം ഒഴിവായതിന്റെ/ വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം. | ഇല്ല | ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിക്കുന്ന ദിവസം തന്നെ |
| 14 | വിവാഹ സർട്ടിഫിക്കറ്റ് (1955 ലെഹിന്ദു വിവാഹ ആക്ട് നടത്തിയ രജിസ്ട്രേഷൻ) | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ | അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രം ഹാജരാക്കണം | സർട്ടിഫിക്കറ്റിന് 10 രൂപ | 7 പ്രവർത്തി ദിവസം. |
| 15 | വിവാഹ രജിസ്ട്രേഷൻ (2008 - ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു ചട്ടങ്ങൾ പ്രകാരം) | നിശ്ചിത ഫോറത്തിലുള്ള മെമ്മോറാത്തിന്റെ ര് പകർപ്പുകൾ വധുവരന്മാരും ര് സാക്ഷികളും ഒപ്പിട്ട് (ഭാര്യയുടെയും ഭർത്താവിന്റെയും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചിരിക്കണം) മതാചാരപ്രകാരമാണെങ്കിൽ/ സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ സാക്ഷ്യപത്രം, ഫോറം നമ്പർ കകൽ ഞജ/ ഞഘഅ/ഗസറ്റഡ് ഉദ്യോഗസ്ഥർ/ പഞ്ചായത്ത് അംഗം ഇവരിൽ നിന്നും സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ എന്നിവ സഹിതം വിവാഹം നടന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. അപേക്ഷകർ അക്ഷയാകേന്ദ്രം മുഖേനയോ അല്ലാതെയോ | വിവാഹം നടന്ന തീയതി മുതൽ 45 ദിവസത്തിനകം മെമ്മോറാം നൽകണം. ശേഷം 5 വർഷം വരെ മുൻപറഞ്ഞ രേഖകൾക്കൊപ്പം വിവാഹം നടന്നത് സംബന്ധിച്ച് രജിസ്ട്രാർക്ക് ബോധ്യമാക്കുന്ന തെളിവ് അല്ലെങ്കിൽ, ഫോറം നമ്പർ കകൽ ഉള്ള സാക്ഷ്യപത്രവും ( ഞജ/ ഞഘഅ/ഗസറ്റഡ് ഉദ്യോഗസ്ഥർ/പഞ്ചായത്ത് അംഗം) 5 വർഷത്തിന് ശേഷമുള്ളവയ്ക്ക് രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിക്കുള്ള അപേക്ഷയും ഉായിരിക്കണം. അനുമതി ലഭിച്ച ശേഷം രജിസ്ട്രേഷൻ നടത്തുന്നതാണ്. | രജിസ്ട്രേഷൻ ഫീസ് 100 രൂപ. പിഴ 45 ദിവസത്തിനു ശേഷം 5 വർഷം വരെ -100 രൂപ 5 വർഷത്തിനുശേഷം 250 രൂപ സർട്ടിഫിക്കറ്റ് - 20 രൂപ അധിക സർട്ടിഫിക്കറ്റ് - 25 രൂപ<br>പട്ടികജാതി, പട്ടികവർഗ്ഗം, ബി.പി.എൽ വിഭാഗക്കാർക്ക് രജിസ്ട്രേഷൻ ഫീസ് - 10 രൂപ | 7 പ്രവർത്തി ദിവസം. |

| | | | | |
|---|---|---|---|---|
| 16 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1600 രൂപ | ഫോട്ടോ പതിപ്പിച്ച നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, പ്രായം തെളിയിക്കുന്നതിനുള്ള രേഖ/ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, പാസ്ബുക്ക്, (ദേശസാൽകൃത ബാങ്ക്, ആധാർ, തിരിച്ചറിയൽ കാർഡ്) | 60 വയസ്സിനു മുകളിൽ പ്രായം, വാർഷിക വരുമാനം 1 ലക്ഷത്തിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്നവരാകരുത്. (വികലാംഗ പെൻഷൻ ഒഴികെ) മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയായിരിക്കരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്, അപേക്ഷകന് 2000സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീട്, സ്വകാരാവ്യത്തിനായി 1000 സി.സിയിൽ കൂടുതലുള്ള വാഹനം സ്വന്തമായി 2 ഏക്കറിൽ കൂടുതൽ സ്ഥലം എന്നിവ ഉാകാൻ പാടില്ല | 45 ദിവസം |
| 17. | അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) പ്രതിമാസം 1600 രൂപ | ഫോട്ടോ പതിപ്പിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, റേഷൻകാർഡിന്റെ പകർപ്പ്, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ വിവാഹ മോചിതയാണെന്ന് തെളിയിക്കുന്ന രേഖ ഏഴു വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അതു സംബന്ധിച്ച് വില്ലേജാഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം. പുനർവിവാഹം ചെയ്തിട്ടില്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തുക.<br>1) ആധാർ കാർഡ്<br>2) തിരിച്ചറിയൽ കാർഡ്<br>3) ദേശസാൽകൃ ബാങ്കിന്റെ പാസ്ബുക്ക്<br>4) വരുമാന സർട്ടിഫിക്കറ്റ്<br>5) റേഷൻ കാർഡ് | കുടുംബവാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ ഭേദമില്ലാതെ 1 ലക്ഷം രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. (വികലാംഗ പെൻഷൻ ഒഴികെ) മൂന്ന് വർഷമായി കേരളക്കിൽ താമസിക്കുന്നവരാകണം. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്, വൃദ്ധസദനത്തിലോ, ശരണാലയത്തിലോ, അന്തേവാസിയായിരിക്കരുത്. അപേക്ഷകന് 2000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീട്, സ്വകാരാവ്യത്തിനായി 1000 സി.സിയിൽ കൂടുതലുള്ള വാഹനം സ്വന്തമായി 2 ഏക്കറിൽ കൂടുതൽ സ്ഥലം എന്നിവ ഉാകാൻ പാടില്ല. | 45 ദിവസം |

| | | | | |
|---|---|---|---|---|
| 18 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗ വൈകല്യംസംഭവിച്ചവർ, ശാരീരിക, മാന സിക വെല്ലുവിളികൾ നേരിടുന്നവർ) പ്രതിമാസം 1600 രൂപ | ഫോട്ടോ പതിപ്പിച്ച നിർദ്ദിഷ്ട ഫോറ ത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ആധാർ കാർഡ്, തിരിച്ചറി യൽ കാർഡ്, വരുമാന സർട്ടിഫി ക്കറ്റ്,ബാങ്ക് പാസ് ബുക്ക് (ദേശ സാൽകൃത ബാങ്ക്). 40 ശതമാനം വൈകല്യമുള്ളത് സംബന്ധിച്ച് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കണം | കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.വൃദ്ധസ ദനത്തിലോ ശരണാലയത്തിലോ അന്തേവാസിയായിരിക്കരുത്. അപേക്ഷകന് 2000സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീട്, സ്വകാര്യാവശ്യത്തിനായി 1000 സി.സിയിൽ കൂടുതലുള്ള വാഹനം സ്വന്തമായി 2 ഏക്കറിൽ കൂടുതൽ സ്ഥലം എന്നിവ ഉാകാൻ പാടില്ല | 45 ദിവസം |
| 19 | കർഷക തൊഴിലാളി പെൻഷൻ, പ്രതി മാസം 1600 രൂപ | ഫോട്ടോ പതിപ്പിച്ച നിർദ്ദിഷ്ട ഫോറ ത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ഭൂസ്വത്തിന്റെ വിവരങ്ങൾ, കർഷക തൊഴിലാളി ക്ഷേമനിധി യിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം, പ്രായം തെളിയി ക്കുന്ന രേഖ (ജനന സർട്ടിഫിക്കറ്റ്/ സ്കൂൾ സർട്ടിഫിക്കറ്റ്/ മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബു ക്ക്, വരുമാന സർട്ടിഫിക്കറ്റ്) | കേരളത്തിൽ 10 വർഷമായി സ്ഥിരതാ മസമായിരിക്കണം. 60 വയസ്സ് തിക ഞ്ഞിരിക്കണം. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയ രുത്. വൃദ്ധസദനത്തിലോ, ശരണാലയ ത്തിലോ അന്തേവാസിയായിരിക്കരുത്. അപേക്ഷകന് 2000സ്ക്വയർ ഫീറ്റൽ കൂടുതലുള്ള വീട്, സ്വകാര്യാവശ്യത്തി നായി 1000 സി.സിയിൽ കൂടുതലുള്ള വാഹനം സ്വന്തമായി 2 ഏക്കറിൽ കൂടുതൽ സ്ഥലം എന്നിവ ഉാകാൻ പാടില്ല. കർഷക തൊഴിലാളി ക്ഷേമ നിധിബോർഡ് അംഗത്വം വേണം. | 40 ദിവസം |
| 20 | 50വയസ്സിനു മുകളിൽ പ്രായമുള്ള അവി വാഹിതകൾക്കുള്ള പെൻഷൻ പ്രതി മാസം 1600 രൂപ | ഫോട്ടോ പതിപ്പിച്ച നിർദ്ദിഷ്ട ഫോറ ത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, പ്രായം, വിവാഹിതയ ല്ലെന്നുള്ളത് തെളിയിക്കുന്ന സർട്ടി ഫിക്കറ്റുകൾ, റേഷൻ കാർഡിന്റെയും തിരിച്ചറിയിൽ കാർഡിന്റെയും പകർപ്പ്, വിവാഹം കഴിച്ചിട്ടില്ലെന്നുള്ള വില്ലേജ് ആഫീ സറുടെ സാക്ഷ്യപത്രം. ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് | കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിരതാമസമായിരിക്കണം. വൃദ്ധസദ നത്തിലോ ശരണാലയത്തിലോ അന്തേ വാസിയായിരിക്കരുത്. അപേക്ഷകന് 2000സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീട്, സ്വകാരാവ്യത്തിനായി 1000 സി.സിയിൽ കൂടുതലുള്ള വാഹനം സ്വന്തമായി 2 ഏക്കറിൽ കൂടുതൽ സ്ഥലം എന്നിവ ഉാകാൻ പാടില്ല. | 45 ദിവസം |

| | | | | |
|---|---|---|---|---|
| 21 | തൊഴിൽരഹിതവേതനം പ്രതിമാസം 120 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, എസ്.എസ്.എൽ.സി. ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡിന്റെ പകർപ്പുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ. സിയോ തത്തുല്യമായ പരീക്ഷയോ പാസാകണം. (വികലാംഗർ, എസ്. സി./ എസ്.ടി.എന്നിവർക്ക് എസ്. എസ്.എൽ.സി. തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി. പരീക്ഷ മാത്രം എഴുതി തോറ്റവർക്ക് ബാധകമല്ല) | വാർഷിക വരുമാനം 20000 രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുാകരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്ന് വർഷം രജിസ്ട്രേഷൻ ഉായിരിക്കണം. (അംഗവൈകല്യമുള്ളവർക്ക് ര് വർഷം.) 35 വയസ്സ് കവിയരുത്. വിദ്യാർത്ഥി ആയിരിക്കരുത്. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നുവർഷത്തിനുള്ളിൽ ഒരു വർഷമോ അതിൽ കൂടുതലോ കാലയളവിൽ തുടർച്ചയായി ജോലിയുായിരുന്നാൽ അർഹതയുാവില്ല. | 45 പ്രവർത്തി ദിവസം |
| 22. | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം (ഒറ്റത്തവണ 30000 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രു പകർപ്പുകൾ, വിവാഹത്തിന് 30 ദിവസം മുൻപ് നൽകണം. 1) അല്ലെങ്കിൽ 1 വർഷത്തിനുള്ളിൽ സെക്രട്ടറിക്കു മാപ്പപേക്ഷ സഹിതം (അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വരന്റെയും / വധുവിന്റെയും സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ് തുടങ്ങിയവ സഹിതം). അപേക്ഷക പുനർവിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, വിവാഹം നടക്കുന്നത് സംബന്ധിച്ച രേഖകൾ 2) തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, വിവാഹത്തിനു ശേഷമാണ് അപേക്ഷ എങ്കിൽ വിവാഹ സർട്ടിഫിക്കറ്റ് | വാർഷിക വരുമാനം 200000 രൂപയിൽ കവിയരുത്. മൂന്നുവർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. പെൺകുട്ടിയുടെ പേരിലുള്ള വസ്തു, ആഭരണം, പണം മുതലായവ 50000 രൂപയിൽ കവിയാൽ പാടില്ല. | സർക്കാരിൽ നിന്നും ഫ് ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതാണ് |

| | | | | | |
|---|---|---|---|---|---|
| 23 | കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) തെരുവിനോട് ചേർന്ന മതിൽ/ഭിത്തി/ വേലി / കിണർ | ഓൺലൈനായി സങ്കേതം സോഫ്ട്വെയർ മുഖേന സമർപ്പിച്ചതിന്റെ പകർപ്പിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>1. വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്<br>2. തന്നാിൽ ഭൂനികുതി ഒടുക്കിയ രസീത്<br>3. കൈവശാവകാശത്തിന്റെ അസ്സൽ(ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്ന ആവശ്യത്തിലേക്കായി)<br>4. നിർമ്മാണ പ്രവർത്തിയുടെ പ്ലാനുകൾ. 3 പകർപ്പ് അ3 ശ്വൈല(നിശ്ചിത സ്കെയിലിൽ തയ്യാറാക്കിയത്.<br>5. അപേക്ഷ ഫീ 20 രൂപ / കെട്ടിടം<br>6. റൂൾ 142 പ്രകാരം അംഗീകൃത ലൈസൻസിയുടെ അഫിഡവിറ്റ് | 100 ㎡ വരെയുള്ള എ1 താമസാവശ്യ ഒക്യുപെൻസി രു നിലയായി പരിമിതപ്പെടുത്തിയിട്ടുള്ള ഏക കുടുംബ താമസാവശ്യ കെട്ടിടങ്ങൾക്ക് പ്ലാൻ സമർപ്പിച്ച് അനുമതി വാങ്ങേതില്ല. എന്നാൽ നിർമ്മാണം ആരംഭിക്കുന്നതിന് 10 ദിവസം മുമ്പ് നിർദ്ദിഷ്ട ഫാറത്തിൽ സെക്രട്ടറിക്ക് അറിയിപ്പ് നൽകണം. ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ഷെഡ്യൂൾ കക പ്രകാരമുള്ള പെർമിറ്റ് ഫീ. | 15 ദിവസം |
| 24. | കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് | നിശ്ചിത ഫോറത്തിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>1. കെട്ടിട നിർമ്മാണ പെർമിറ്റ്<br>2. വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്<br>3. തന്നാിൽ ഭൂനികുതി ഒടുക്കിയ രസീത്<br>4. കൈവശാവകാശത്തിന്റെ അസ്സൽ (ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്ന ആവശ്യത്തിലേക്കായി)<br>5. കംപ്ലീഷൻ പ്ലാനും സർട്ടിഫിക്കറ്റും.<br>6. 100മീറ്റർ സ്ക്വയറിന് മുകളിൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് വില്ലേജിൽ ഒറ്റത്തവണ കെട്ടിട നികുതി റിട്ടേൺ/രസീതിന്റെപകർപ്പ്<br>6. വസ്തുനികുതി ചട്ടം ഫോറം 2 ലുള്ള റിട്ടേൺ | പെർമിറ്റ് ആവശ്യമായ സംഗതികളിൽ പെർമിറ്റ് കൂടാതെ പണിതതാണെങ്കിൽ റഗുലറൈസേഷൻ നടപടിക്രമങ്ങൾ പാലിച്ച ശേഷം മാത്രമേ നമ്പരിംഗ് അനുവദിക്കുകയുള്ളു.പെർമിറ്റ് ആവശ്യമില്ലാത്ത സംഗതികളിൽ കംപ്ലീഷൻ പ്ലാൻ സർട്ടിഫിക്കറ്റ് ഒഴികെയുള്ള മറ്റ് രേഖകൾ ഹാജരാക്കേതാണ്. | കെ.പി.ബി.ആർ. 2011, ഷെഡ്യൂൾ കക പ്രകാരം പെർമിറ്റ് ഫീ. | 15 ദിവസം |

| | | | | | |
|---|---|---|---|---|---|
| 25. | കെട്ടിടനിർമ്മാണം പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) | 1) പെർമിറ്റ് നൽകിയ തീയതി മുതൽ 3 വർഷത്തേക്ക് സാധുത<br>2) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ<br>3) അസ്സൽ പെർമിറ്റും അംഗീകൃത പ്ലാനും സഹിതം. | കാലാവധി നീട്ടുന്നതിന് സാധുതാ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അപേക്ഷ സമർപ്പിക്കണം. പുതുക്കുന്നതിന് കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനകം സമർപ്പിക്കണം. | കെ. പി. ബി. ആർ. 2011 പ്രകാരം<br>1) കെട്ടിട നിർമ്മാണ പെർമിറ്റ് നീട്ടുന്നതിന് പെർമിറ്റ് ഫീയുടെ 10%<br>2) പുതുക്കുന്നതിന് പെർമിറ്റ് ഫീയുടെ 50% | 10 ദിവസം |
| 26 | തെരുവിനോടു ചേർന്നുള്ള മതിൽ/ ഭിത്തി/ വേലി/ കിണർ പെർമിറ്റ് കാലാവധി നീട്ടൽ / പുതുക്കൽ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) | മതിൽ/ ഭിത്തി<br>1) പെർമിറ്റ് നൽകിയ തീയതി മുതൽ ഒരു വർഷം വരെ സാധുത<br>2) കിണറിന് നൽകിയ തീയതി മുതൽ 2 വർഷം വരെ സാധുത<br>3) 5 രൂപ കോർട്ട് ഫീ പതിപ്പിച്ച് വെള്ളക്കടലാസിലുള്ള അപേക്ഷ<br>4) പെർമിറ്റ് കാലാവധി തീരുന്നതിന് മുമ്പ് അപേക്ഷിക്കണം. | | കെ. പി. ബി. ആർ. 2019 പ്രകാരം പെർമിറ്റ് ഫീയുടെ 50% | 15 ദിവസം |
| 27. | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടക കരാർ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം | അപേക്ഷയിൽ കെട്ടിടനമ്പർ കാണിച്ചിരിക്കണം. ആവശ്യം വ്യക്തമാക്കിയിരിക്കണം.സാധാരണ താമസക്കാരനായിരിക്കണം | | 5 ദിവസം |
| 28 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങൾ<br><br>ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള ഇരുകക്ഷികളുടെയും സംയുക്ത അപേക്ഷ.കൈമാറ്റം സംബന്ധിച്ച അസ്സൽ രേഖ/ ആധാരം (ഒർജിനലും പകർപ്പും), രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥൻ മരണപ്പെട്ടെങ്കിൽ മരണ സർട്ടിഫിക്കറ്റ്, ഭൂനികുതി ഒടുക്കിയ രേഖ, കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് അസ്സൽ. (മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് സമർപ്പിക്കുന്ന ആവശ്യത്തിലേക്കായി) | കെട്ടിട നമ്പർ അപേക്ഷയിലും ആധാരത്തിലം ഉാകണം. ആധാരത്തിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിയില്ലെങ്കിൽ ടി നമ്പർ കെട്ടിടം പ്രസ്തുത സർവ്വെ നമ്പരിൽ സ്ഥിതി ചെയ്യുന്നു എന്ന വില്ലേജാഫീസറുടെ സാക്ഷ്യപത്രം/ ലൊക്കേഷൻ സ്കെച്ച്. സംയുക്ത അപേക്ഷ ഇല്ലെങ്കിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് രജിസ്ട്രേഡ് നോട്ടീസ് അയച്ച് ആക്ഷേപം പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം കൈകൊള്ളുന്നത്. | സാധാരണ വസ്തു കൈമാറ്റ സംഗതികളിൽ വസ്തു കൈമാറി 3 മാസത്തിനുള്ളിലും കെട്ടിട ഉടമ മരണപ്പെട്ട സംഗതികളിൽ ഉടമസ്ഥാവകാശം അവകാശി എന്ന നിലയിൽ ലഭിക്കുന്ന പക്ഷം ഉടമയുടെ മരണം ദിവസം മുതൽ 1 വർഷത്തിനകം ഉടമസ്ഥാവകാശം മാറ്റിയിട്ടില്ലെങ്കിൽ പിഴ 500 രൂപ | 30 ദിവസം |

| | | | | | |
|---|---|---|---|---|---|
| 29. | ചുമത്തിയ കെട്ടിട നികുതിയിന്മേലുള്ള അപ്പീൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങൾ) | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ | സെക്രട്ടറി ചുമത്തിയ നികുതി അധികമാണെന്നു പറയുന്നതിനുള്ള കാരണം കാണിച്ച് ചുമത്തിയ നികുതി ഒടുക്കി, രസീതിന്റെ പകർപ്പ് സഹിതം 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കാണ് അപ്പീൽ നൽകേത്. | | അംഗീകാരം ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം |
| 30. | കെട്ടിട നികുതി ഒഴിവാക്കൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചുതീർത്തിരിക്കണം. നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ തെളിവ് സഹിതം കാണിച്ചിരിക്കണം. | | അംഗീകാരം ലഭിച്ച് 5 പ്രവർത്തി ദിവസത്തിനകം |
| 31 | പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | കെട്ടിടനമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അചട്ടു തീർത്തിരിക്കണം. | | അംഗീകാരം ലഭിച്ച് 5 പ്രവർത്തി ദിവസത്തിനകം |
| 32 | ഒഴിഞ്ഞുകിടക്കുന്നതുമൂലം കെട്ടിട നികുതി ഇളവു ചെയ്യൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം. | ഏതെങ്കിലും അർദ്ധ വർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞും വാടകയ്ക്കും കൊടുക്കാതെ കിടന്നിട്ടുെങ്കിൽ മാത്രം. ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിഞ്ഞുകിടക്കുകയും വാടകയ്ക്ക് കൊടുക്കാ തിരിക്കുകയും ചെയ്യുമെന്ന് സെക്രട്ടറിയ്ക്ക് മുൻകൂട്ടി നോട്ടീസ് നൽകിയിരിക്കണം. നോട്ടീസിന്റെ കാലാവധി അത് കൊടുക്കുന്ന അർദ്ധവർഷത്തേക്ക് മാത്രമായിരിക്കണം. | | അംഗീകാരം ലഭിച്ച് 5 പ്രവർത്തി ദിവസത്തിനകം |

| | | | | |
|---|---|---|---|---|
| 33 | പെർമിറ്റില്ലാത്ത നിർമ്മാണം/ കെട്ടിട നിർമ്മാണ ക്രമവൽക്കരണം 2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ് അസ്സൽ, (മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുന്നതിനായി (6 മാസത്തികം എടുത്തത്) ഭൂനികുതി തന്നാിൽ ഒടുക്കിയ രസീതിന്റെ പകർപ്പ്) സൈറ്റ് പ്ലാനും മറ്റനുബന്ധ പ്ലാനുകളും, (കംപ്ലീഷന സർട്ടിഫിക്കറ്റ് സഹിതം) റൂൾ 142 - അംഗീകൃത പ്ലാൻ സൂപ്പർവൈസർമാരുടെ അഫിഡവിറ്റ് | ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം | 15 ദിവസം |
| 34 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചുതീർക്കണം. | കെട്ടിട നിർമ്മാണത്തിനു ലഭിച്ച അനുവാദപത്രിക, നിർമ്മാണം പൂർത്തിയാക്കിയ തീയതി, നികുതി ചുമത്തിയ തീയതി സാക്ഷ്യപത്രം എന്താവശ്യത്തിനാണെന്ന വിവരം മുതലായവ കാണിച്ചിരിക്കണം. | 5 ദിവസം |
| 35 | ഫാക്ടറികൾ, വാണിജ്യ/വ്യാവസായ സ്ഥാപനങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ്<br>വ്യാപാര സ്ഥാപനങ്ങൾ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ.<br>(കെട്ടിടം വാടകയ്ക്കാണെങ്കിൽ ഉടമയുടെ സമ്മതപത്രം) | സ്ഥലത്തിന്റെ രേഖ (ഒറിജിനലും പകർപ്പും), വസ്തു നികുതി ഒടുക്കിയതിന്റെ തെളിവ്, പുരയിടം/ കെട്ടിടത്തിന്റെ പ്ലാനും മറ്റനുബന്ധപ്ലാനുകളും, മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേുന്ന നിരാക്ഷേപ പത്രങ്ങൾ (ഉദാ.പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യവകുപ്പ്, വൈദ്യുതി വകുപ്പ്, ഫയർഫോഴ്സ്, ഫാക്ടറി ഇൻസ്പെക്ടർ, മൈനിംഗ് & ജിയോളജി വനം വകുപ്പ്, എക്സ്പ്ലോസീവ് ലൈസൻസ് തുടങ്ങിയവ) ശക്തിയോ നിർമ്മാണ യന്ത്രമോ യന്ത്രസാമഗ്രിയോ സംബന്ധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ<br>ചട്ടങ്ങൾ പ്രകാരം | 30 ദിവസം<br>(പഞ്ചായത്ത് അംഗീകാരത്തിനുശേഷം) |

| | | | | | |
|---|---|---|---|---|---|
| 36 | ഫാക്ടറികൾ, വാണിജ്യ/വ്യാവസായ സ്ഥാപനങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ തുടങ്ങിയവയുടെ ലൈസൻസ് പുതുക്കൽ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ. | ലൈസൻസ് പുതുക്കുന്നതിന് സമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം അപേക്ഷ നികണം | ചട്ടങ്ങൾ പ്രകാരം | 15 ദിവസം (പഞ്ചായത്ത് അംഗീകാരത്തിനുശേഷം) |
| 37 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. പ്രായം, നിറം എന്നിവ കാണിച്ചിരിക്കണം. | പ്രതിരോധ കുത്തിവയ്പ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പമുാകണം. | 10 രൂപ | 7 ദിവസം |
| 38 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറത്തിലുള്ള അപേക്ഷ. സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകണം. | കെട്ടിടം സംബന്ധിച്ച രേഖ (വാടക കെട്ടിടമാണെങ്കിൽ സമ്മതപത്രം, വാടക ചീട്ട്) മുതലായവ ഉായിരിക്കണം. രജിസ്ട്രേഷൻ പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം. | കേരള പഞ്ചായത്ത് രാജ് ആക്ട്, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം.<br>രജിസ്ട്രേഷൻ ഫീസ് - 200 രൂപ<br>പുതുക്കൽ ഫീസ് - 50 രൂപ | 30 ദിവസം |

കുറിപ്പ്: അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ പകർപ്പുകൾ അസൽ കാണിച്ചു ബോദ്ധ്യപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തിയോ ആയിരിക്കേതാണ്.

| ക്രമ നം | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | ലഭ്യമാകുന്ന ദിവസം (അപേക്ഷിച്ച ദിവസം മുതൽ..................ദിവസത്തിനകം |
|---|---|---|---|---|---|
| **സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ എൽ. പി. / യു. പി. സ്കൂൾ** | | | | | |
| 1 | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) | വെള്ളക്കടലാസിൽ വിവരങ്ങൾ കാണിച്ച് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ | ഇല്ല | ഇല്ല | മൂന്ന് പ്രവർത്തി ദിവസം |
| 2 | അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് | " | വിദ്യാർത്ഥിയുടെ പേരിൽ വാങ്ങിയ 10 രൂപ മുദ്രപത്രം ഹാജരാക്കണം | ഇല്ല | " |
| 3 | ജനനതീയതി കാണിക്കുന്ന സർട്ടിഫിക്കറ്റ് | " | ഇല്ല | ഇല്ല | " |
| **സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ, കൃഷിഭവൻ** | | | | | |
| 1 | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷിരീതി സംബന്ധിച്ച് | ഓഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തത്സമയം |
| 2 | ശാസ്ത്രീയ കൃഷിരീതികളെ സംബന്ധിച്ച പഠനം/ റഫറൻസ് | ഓഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തത്സമയം |
| 3 | കാർഷിക വിളകളുടെ കീടരോഗ പരിശോധന | ഓഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തത്സമയം |
| 4 | മണ്ണ് പരിശോധന/തദനുസൃതമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച സാമ്പിൾ കൃഷിയിടത്തിന്റെ വിവരം, കൃഷക്കാരന്റെ മേൽവിലാസം എന്നിവ സഹിതം കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തത്സമയം |

| | | | | | |
|---|---|---|---|---|---|
| 5 | സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ യൂണിറ്റിന്റെ സേവനം | ചുരുങ്ങിയത് 25 സാമ്പിളുകളിൽ കുറയാതെ മേൽപറഞ്ഞ വിവരങ്ങൾ സഹിതം പരിശോധിക്കേി വരുമ്പോൾ കൃഷി ഓഫീസുമായി ബന്ധപ്പെടുക | | ഇല്ല | തത്സമയം |
| 6 | പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കുാകുന്ന നാശനഷ്ടങ്ങൾക്കുള്ള പരിഹാരം | നാശനഷ്ടം നേരിട്ട് 10 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (3 കോപ്പി) കൃഷി ഓഫീസർക്ക് നൽകുക. | | ഇല്ല | 15 ദിവസത്തിനുള്ളിൽ നഷ്ടം നേരിൽ ക് തിട്ടപ്പെടുത്തി ശുപാർശ ചെയ്യും ഫിന്റെ ലഭ്യത അനുസരിച്ച് തുക ലഭിക്കും |
| 7 | വിള ഇൻഷ്വറൻസ് പദ്ധതി (നെൽ, തെങ്ങ്, റബ്ബർ, വാഴ, കമുക്, കശുവി, കുരുമുളക്, മരച്ചീനി, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി) | നിർദ്ദിഷ്ട ഫോറത്തിലുള്ള നിശ്ചിത ഫോറം തുകയോടു കൂടി കൃഷി ഭവനുമായി ബന്ധപ്പെടുക. | പണം അടച്ച തീയതി മുതൽ 7 ദിവസം കഴിഞ്ഞു ാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. | ഇല്ല | 15 ദിവസം (പോളിസി ലഭിക്കാൻ) |
| 8 | കാർഷികാവശ്യത്തിനുള്ള വൈദ്യുതി മുൻഗണനാ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷി ഓഫീസർക്ക് നൽകുക | | ഇല്ല | 5 ദിവസം |
| 9 | കാർഷികാവശ്യത്തിനുള്ള വൈദ്യുതി | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ, കരം അടച്ച രസീതിന്റെ പകർപ്പ് സഹിതം കൃഷി ഓഫീസർക്ക് നൽകുക | | ഇല്ല | 15 ദിവസം |
| 10 | നെൽകൃഷിക്കാർക്കുള്ള ഉൽപാദന ബോണസ് | ... | | ഇല്ല | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിതരണം നടത്തും |

| | | | | | |
|---|---|---|---|---|---|
| 11 | ബയോഗ്യാസ് വികസന പദ്ധതി | ചുരങ്ങിയത് 2 കാലികളെങ്കിലുമുള്ള/ പരിമിക കർഷകർ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറം പൂരിപ്പിച്ച് കൃഷി ഓഫീസർക്ക് നൽകുക | | ഇല്ല | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 12 | ഹൈടെക് കൃഷി | ക്രമ നം (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾ ലഭ്യതയനുസരിച്ച് | | ഇല്ല | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 13 | തരിശ് നില പാട്ടകൃഷി | ക്രമനമ്പർ (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾക്ക് പുറമെ പാട്ടച്ചീട്ട് സഹിതം | | ഇല്ല | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 14 | ചെറുകിടയന്ത്രവത്കരണം | ക്രമനമ്പർ (9) ൽപറഞ്ഞിരിക്കുന്ന രേഖകൾ | | ഇല്ല | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 15 | സമഗ്രനെൽകൃഷി വികസനം | ക്രമനമ്പർ (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾ | | ഇല്ല | നെൽകൃഷിയുടെ വിസ്തൃതി അനുസരിച്ച് ബാങ്ക് ആനുകൂല്യം അക്കൗിൽ വതരണം ചെയ്യുന്നു |
| 16 | പച്ചക്കറി വികസന പദ്ധതി | ക്രമനമ്പർ (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾ | | ഇല്ല | നെൽകൃഷിയുടെ വിസ്തൃതി അനുസരിച്ച് ബാങ്ക് ആനുകൂല്യം അക്കൗിൽ വതരണം ചെയ്യുന്നു |
| 4 | സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ വഴി വിവിധ കാർഷിക വിളകളുടെ വിസ്തൃതി വ്യാപന കൃഷി | ക്രമനമ്പർ (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾ | | ഇല്ല | നെൽകൃഷിയുടെ വിസ്തൃതി അനുസരിച്ച് ബാങ്ക് ആനുകൂല്യം അക്കൗിൽ വതരണം ചെയ്യുന്നു |
| 4 | കർഷക ക്ഷേമ പെൻഷൻ | ക്രമനമ്പർ (9) ൽ പറഞ്ഞിരിക്കുന്ന രേഖകൾ | | ഇല്ല | 60 വയസ്സ് തികയുന്ന കർഷകൻ/കർഷക, ചുരുങ്ങിയത് 10 സെന്റിൽ കൃഷി |

| ക്രമ നം | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം (അപേക്ഷിച്ച ദിവസം മുതൽ ചുവടെ പറയുന്ന ദിവസത്തിനകം |
|---|---|---|---|---|---|
| **സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ: വെറ്റിനറി സർജൻ** | | | | | |
| 1 | കാറ്റിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് | വെറ്റിനറി സർജ്ജനെ നേരിട്ട് പ്രവൃത്തി സമയങ്ങളിൽ സമീപിക്കുക | സങ്കരഇനം പശുക്കൾക്ക് മാത്രം (ര് പ്രസവം വരെ, 8 ലിറ്റർ പാൽ ദിനംപ്രതി) | 25 രൂപ | അതേ ദിവസം |
| 2 | കൃത്രിമ ബീജസങ്കലനം | „ | സങ്കരഇനം പശുക്കൾക്ക് മാത്രം | 25 രൂപ | അതേ ദിവസം |
| 3 | കാമധേനു ഇൻഷ്വറൻസ് | „ | പശുവിന്റെ വാല്യുവേഷൻ അടിസ്ഥാനത്തിൽ പശുക്കൾക്ക് മാത്രം (1 വർഷം ഇൻഷ്വറൻസ് നിബന്ധനകൾക്ക് വിധേയം) പശു മരണപ്പെട്ടാൽ മുഴുവൻ തുകയും | ചട്ടങ്ങൾ പ്രകാരം | അതേ ദിവസം |
| 4 | പ്രതിരോധ കുത്തിവയ്പ്പ് | „ | മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് | 15 രൂപ | അതേ ദിവസം |
| 5 | ആന്റി റാബിസ് സർട്ടിഫിക്കറ്റ് | „ | ഇല്ല | ഇല്ല | അതേ ദിവസം |

**സേവനം ലഭ്യമാകുന്ന ഓഫീസ് / ഉദ്യോഗസ്ഥൻ: സംയോജിത ശിശുവികസന സേവന പദ്ധതി**
**ഐ. സി. ഡി. എസ്. വെച്ചൂർ – ഐ. സി. ഡി. എസ് സൂപ്പർവൈസർ**

| ക്രമ നം | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടക്കേ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം (അപേക്ഷിച്ച ദിവസം മുതൽ ചുവടെ പറയുന്ന ദിവസത്തിനകം |
|---|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുന്ന 6 മാസം മുതൽ 3 വയസ് വരെ | രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും | ഇല്ല | സേവനങ്ങൾ പഞ്ചായത്തിലെ 16 അംഗൻവാടികൾ വഴി ലഭിക്കുന്നു |
| | | 3 വയസ് മുതൽ 6 വയസ് വരെ | പ്രീസ്കൂൾ കുട്ടികൾക്ക് മാത്രം | | |
| | | ഗർഭിണികൾ, 6 മാസം വരെ മുലയൂട്ടുന്ന അമ്മമാർ | മാനദണ്ഡങ്ങൾക്ക് അനുസരിച്ച് | | |
| | | കുമാരിമാർ | 11 – 18 വയസുള്ള പെൺകുട്ടികൾ | | |
| 3 | | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 6 മാസംമുതൽ 6വയസുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ | ഇല്ല | |
| 4 | രോഗപ്രതിരോധ കുത്തിവയ്പ്പ് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | 6 വയസിൽ താഴെയുള്ള കുട്ടികൾ | ഇല്ല | |
| 5 | അരോഗ്യവിദ്യാഭ്യാസ ക്ലാസ് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | | ഇല്ല | |
| 6 | വരൾച്ചാരേഖ ചാർട്ട് രേഖപ്പെടുത്തുക | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | | ഇല്ല | |
| | | | - | | |

## കുറിപ്പ്:

1. മേൽപ്പറഞ്ഞ സേവനങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളും അപേക്ഷ ഫോറങ്ങളും ഗ്രാമപഞ്ചായത്താഫീസിലെ ഫ്രണ്ടാഫീസ് അന്വേഷണ കൗണ്ടറിൽ നിന്ന് ലഭ്യമാകുന്നതാണ്.
2. എല്ലാ അപേക്ഷകൾക്കും രസീതി നൽകുന്നതാണ്.
3. പഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന എല്ലാവിധ സർട്ടിഫിക്കറ്റുകളും പ്രസിഡന്റ് ഓഫീസിലുള്ള ദിവസങ്ങളൽ അപ്പോൾ തന്നെ നൽകുന്നതാണ്.
4. 5-ാം കോളത്തിൽ കാണിച്ച ഫീസ് നിരക്കുകൾ, കാലാകാലങ്ങളിലുള്ള ഉത്തരവ് പ്രകാരം മാറ്റങ്ങൾക്ക് വിധേയമാണ്.
5. 5000 രൂപ മുതലുള്ള കൈപറ്റു രസീതുകൾക്ക് 1/ രൂപ റവന്യൂ സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതാണ്.
6. എല്ലാ അപേക്ഷകളിലും 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചിരിക്കണം.
7. തപാലുകളെല്ലാം രാവിലെ 10.00 മുതൽ 1.00 മണിവരെയും, 2 മണിമുതൽ 4 മണിവരെ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകുന്നതാണ്.
8. ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.
9. പരാതികളും അപേക്ഷകളും, ന്യായമായിട്ടുള്ളതും നിയമപരവും സദുദ്ദേശപരവുമായിരിക്കേണ്ടതാണ്.
10. അപേക്ഷകർ ഹരിതകർമ്മസേന യൂസർ ഫീ, വിവിധ നികുതികൾ എന്നിവ അടവ് വരുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# അറിയിപ്പുകൾ

ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങളിൽ താങ്കൾക്ക് ആക്ഷേപമുണ്ടെങ്കിൽ
ബഹു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേയുള്ള ഓംബുഡ്സ്മാന്
പരാതി നൽകാവുന്നതാണ്

വിലാസം

സെക്രട്ടറി
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ
സാഫല്യം കോംപ്ലക്സ്(നാലാം നില), ട്രിഡ ബിൽഡിംഗ്സ്,
പാളയം, യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം 695034
ഫോൺ 0471- 2333542
ഇമെയിൽ വിലാസം - *www.ombudsmanlsgker.gov.in*

വെച്ചൂർഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന എല്ലാ ജനനങ്ങളും മരണങ്ങളും പഞ്ചായത്ത് ഓഫീസിൽ 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യേ താണ്

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന എല്ലാ മതവിഭാഗങ്ങളുടെയും വിവാഹങ്ങൾ പൊതുവിവാഹ ചട്ടങ്ങൾ പ്രകാരം 45 ദിവസത്തിനകം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേ താണ്

## പൊതുജന ശ്രദ്ധക്ക്

സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളിൽ നിന്നും ഉദ്യോഗസ്ഥർ പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നതും വാങ്ങുന്നതും കുറ്റകരമാണ്. ഇപ്രകാരമുള്ള വിവരങ്ങൾ കോട്ടയം വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രിനെ നേരിട്ടോ ഫോണിലോ അറിയിക്കേതാണ്

ഫോൺ : 0481- 2585144
മൊബൈൽ : 9447582426

**വെച്ചൂർ ഗ്രാമപഞ്ചായത്ത്**
**വിവരാവകാശ നിയമം 2015**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO)
വി. എൻ. റജിമോൻ, സെക്രട്ടറി
ഫോൺ - 04829- 275124, 9496044611

അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (ASPIO)
കിരൺ പി., ഹെഡ്ക്ലർക്ക്
ഫോൺ - 04829- 275124, 9446989810

അപ്പലേറ്റ് അതോറിറ്റി
സി. ആർ. പ്രസാദ്
ബഹു.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
കളക്ട്രേറ്റ്, കോട്ടയം
ഫോൺ - 0481- 2560282
9496044601

കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ്

For The People

പൊതുജന പരാതി പരിഹാര സംവിധാനം

ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും താഴെ പറയുന്ന വെബ്സൈറ്റ്/മൊബൈൽ ആപ്പ് വഴി പൊതുജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്

***www.pglsgd.kerala.gov.in***

# അറിയിപ്പ്

ഗ്രാമപഞ്ചായത്തിൽ ഒടുക്കേ നികുതികൾ, ഫീസുകൾ,
എന്നിവ യഥാസമയം ഒടുക്കി പിഴപ്പലിശ, പ്രോസിക്യൂഷൻ
തുടങ്ങിയ നടപടികൾ ഒഴിവാക്കുക.
മാലിന്യങ്ങൾ റോഡിലേക്ക് വലിച്ചെറിയരുത്.
സ്വന്തം നിലയിൽ സംസ്ക്കിരക്കുന്നതിന്
ബയോഗ്യാസ് പ്ലാന്റ് / പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുക
വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷ, കെട്ടിടനിർമ്മാണ അനുമതി അപേക്ഷ,
ഓൺലൈനിൽ അക്ഷയ മുഖേന സമർപ്പിക്കാവുന്നതാണ്.
വിവാഹ സർട്ടിഫിക്കറ്റ്, ജനന / മരണ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
ഇവ ഓൺലൈനിൽ ലഭ്യമാണ്.

**സെക്രട്ടറി**
**വെച്ചൂർ ഗ്രാമപഞ്ചായത്ത്**